Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbcsite.com, www.kcbcsite.com

07.08.2011

All Kerala Press Release
*Ref: 286 /KCBC/K-6/KPR/DS*

## നിത്യസനാതന സത്യത്തെ കണ്ടെത്തിയ ഇടയശ്രേഷ്ഠൻ: കെ.സി.ബി.സി.

കൊച്ചി: നിത്യസനാതന സത്യത്തെ അജഗണങ്ങൾക്ക് മുമ്പിൽ നവമായ രീതിയിൽ അവതരിപ്പിച്ച ഇടയശ്രേഷ്ഠനായിരുന്നു ആർച്ചുബിഷപ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ. ക്രൈസ്തവ ദൈവശാസ്ത്രത്തിലും ഹൈന്ദവ തത്ത്വശാസ്ത്രത്തിലും ദൈവത്തെ കണ്ടെത്താൻ പരിശ്രമിച്ച ആർച്ചുബിഷപ് വേദാന്ത പഠനത്തിലൂടെ ഉപനിഷത്തുകളിൽ പാണ്ഡിത്യം നേടിയ അപൂർവ്വം ക്രൈസ്തവ വ്യക്തികളിൽ ഒരാളാണ്. ഹൈന്ദവദർശനങ്ങളിലുള്ള അഗാധമായ പാണ്ഡിത്യം ഇതരമതങ്ങളെ സഹോദരതുല്യം സ്നേഹിക്കാനും ആദരിക്കാനും അദ്ദേഹത്തെ പ്രാപ്തനാക്കി. ആഴമുള്ള ദൈവാനുഭവത്തിൽ നിന്ന് ഉരുത്തിരിഞ്ഞ കാവ്യഭാവനയിലൂടെ ക്രൈസ്തവ ഭക്തിഗാന രചനാരംഗത്ത് പുതിയ പാത വെട്ടിത്തുറക്കാൻ അഭിവന്ദ്യപിതാവിന് സാധിച്ചു. അനേകായിരങ്ങളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കാൻ സഹായമാകുന്ന ഹൃദയസ്പർശിയായ ഗാനങ്ങൾ പിതാവിനെ എന്നും അനശ്വരനാക്കും. വിജയപുരം രൂപതയുടെ ആധുനിക കാലഘട്ടത്തിലെ നവീകരണങ്ങൾക്ക് അടിത്തറ പാകിയ പിതാവ് വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്ത എന്ന നിലയിലും 1987 മുതൽ 1996 വരെ കേരള ലത്തീൻ കത്തോലിക്കാസഭയുടെ പരമാധ്യക്ഷനെന്ന നിലയിലും സഭയ്ക്കും സമൂഹത്തിനും നല്കിയ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാനാവില്ല. 1989 മുതൽ 1992 വരെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷനെന്ന നിലയിൽ കേരളത്തിലെ ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടി നടത്തിയ പരിശ്രമങ്ങൾ അക്കാലത്ത് ഏറെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. ലാളിത്യം, ദൃഢമായ വിശ്വാസം, ആഴവും പരപ്പുമുള്ള വിജ്ഞാനം, സ്നേഹവും സാഹോദര്യവും അടിസ്ഥാനമാക്കിയുള്ള കാര്യക്ഷമത എന്നിവ അദ്ദേഹത്തിന്റെ സവിശേഷതകളായിരുന്നു. ദൈവസ്നേഹംകൊണ്ടും പരസ്നേഹ പ്രവൃത്തികൾകൊണ്ടും ധന്യമായ ആർച്ചുബിഷപ് കൊർണേലിയൂസ് ഇലഞ്ഞിക്കലിന്റെ ദേഹവിയോഗം കേരള കത്തോലിക്കാസഭയ്ക്കും കേരള സമൂഹത്തിനും നികത്താനാവാത്ത വിടവാണെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വൈസ് പ്രസിഡന്റ് ആർച്ചുബിഷപ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ, സെക്രട്ടറി ജനറൽ ആർച്ചു ബിഷപ് തോമസ് മാർ കൂറിലോസ് എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
ARCHBISHOP MAR ANDREWS THAZHATH
Archbishop's House
Trichur-680 005
Tel: +91-487-2333325, 2338203, Fax: 2338204
E-mail: athazhath@hotmail.com

VICE-PRESIDENT
ARCHBISHOP DR. FRANCIS KALLARAKAL
Latin Archbishop's House
P.B. No. 2581, Kochi- 682 031
Tel: +91-484-2372892, 2360988, Fax: 2360911
E-mail: vpoly@vsnl.com

SECRETARY GENERAL
ARCHBISHOP THOMAS MAR KOORILOS
Archbishop's House, P.B. No. 4
Manjadi, Thiruvalla- 689 101
Tel: +91-469 2701319,2730620 Fax: 2600822
E-mail: diotvla@hotmail.com

DEPUTY SECRETARY GENERAL
DR. STEPHEN ALATHARA
Pastoral Orientation Centre
Palarivattom, Kochi-682 025
Tel: +91-484-2805722, 2805815, Fax: 2806214
E-mail: stephenalathara@gmail.com